| 03-07-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - സേവനത്തിന്റെ പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തൂ, സേവനത്തെ വ്യാപിപ്പിക്കൂ, സേവാരംഗത്ത് മാതാക്കളെ മുന്നിൽ വെക്കുന്നത് തന്നെയാണ് സഫലതക്കുള്ള മാർഗ്ഗം.**

**ചോദ്യം:** ഏതൊരു മര്യാദയോടു കൂടി സംസാരിക്കുമ്പോഴാണ് ആധികാരികതയോടെ വാക്കുകൾ നിങ്ങൾക്ക് തെളിയിച്ച് കൊടുക്കുവാൻ സാധിക്കുന്നത്?

**ഉത്തരം:** മുതിർന്നവരോട് സംസാരിക്കുമ്പോൾ താങ്കൾ, താങ്കൾ എന്ന് പറഞ്ഞ് സംസാരിക്കണം, നീ, നീ എന്ന് പറഞ്ഞ് കൊണ്ടല്ല. ഇതും മര്യാദയാണ്. നിങ്ങൾ തന്റെ അധികാരത്തോടു കൂടി സംസാരിക്കൂ പക്ഷേ തീർച്ചയായും ബഹുമാനം കൊടുക്കണം. സ്കൂളിലും ഈ മര്യാദകൾ പഠിപ്പിക്കാറുണ്ട്. 2 - ഒരിക്കലും അഹങ്കാരത്തോടു കൂടി സംസാരിക്കരുത്. ജ്ഞാനത്തിന്റെ ലഹരിയിൽ സദാ ഹർഷിതമായിരിക്കണം. ഹർഷിതമായിരിക്കുന്ന മുഖത്തിലൂടെയും വളരെയധികം സേവനം നടക്കും.

**ഗീതം** : ഇക്കാലത്തെ ഈ മനുഷ്യർക്കെന്തുപറ്റി.....

**ഓംശാന്തി**. മധുര മധുരമായ കുട്ടികൾക്ക് ഇത് മനസ്സിലാക്കി തന്നിട്ടുണ്ട് അതായത് വളരെയധികം പാപാത്മാക്കളായിരിക്കുകയാണ്. പാപം വളരെയധികമായിരിക്കുന്നു എന്ന് പറഞ്ഞ് നല്ല നല്ല കുട്ടികൾ വിളിക്കുന്നുണ്ട്. പാപത്തിലൂടെ തന്നെയാണ് മനുഷ്യൻ പതീതമാകുന്നത്. പാപാത്മാക്കളെ പുണ്യാത്മാ വാകുന്നതിനു വേണ്ടി അല്ലയോ പതീത പാവനാ വരൂ എന്ന് പറഞ്ഞ് ഒർമ്മിക്കുന്നുമുണ്ട്. ഇത് പതീത ലോകമാണ് അപ്പോൾ തീർച്ചയായും ഏതോ ഒരു പാവന ലോകവും ഉണ്ട്. നിരാകാരി ലോകത്തെ പാവന ലോകം എന്ന് പറയില്ല. അത് ശാന്തിധാമമാണ്. മനുഷ്യർക്ക് വേണ്ടിയുള്ളതാണ് പതീത ലോകവും പാവനലോകവും. കലിയുഗീലോകത്തിൽ പതീതരാണുള്ളത്. സത്യയുഗീ ലോകത്തിൽ പാവനമായി ട്ടുള്ളവരും. പതീത പാവനനായ ബാബ തന്നെയാണ് വന്നിട്ട് പാവന ലോകം സ്ഥാപിക്കുന്നത്. വിദ്വാന്മാരും പണ്ഡിതന്മാരുമൊക്കെ ശാസ്ത്രങ്ങളുണ്ടാക്കി വ്യാസന്റെ പേരും കൊടുത്തിരിക്കുന്നു. വ്യാഖ്യാനം ചെയ്യുന്നവരുടെ പേരും വേണമല്ലോ. ശാസ്ത്രങ്ങൾ എപ്പോഴാണ് ഉണ്ടാക്കിയത് എന്ന് മനുഷ്യർക്ക് അറിയില്ല. സത്യയുഗത്തിലും ത്രേതായുഗത്തിലും ശാസ്ത്രങ്ങളൊന്നും ഉണ്ടായിരിക്കില്ല എന്ന് നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട്. ഭക്തീമാർഗ്ഗത്തിന്റെ യാതൊരു അടയാളവും ഉണ്ടായിരിക്കില്ല. ബാബ ജ്ഞാനത്തിലൂടെ നിങ്ങളെ ജീവൻ വെപ്പിക്കുന്നു. ജ്ഞാനത്തിലൂടെ 21 ജന്മം ജീവനോടെയിരിക്കും പിന്നെ മായ വന്ന് ശവ മാക്കും. ഇത് ശവശരീരങ്ങളുടെ ലോകമാണ്, ഇതിനെ ശവപറമ്പ് എന്ന് പറയുന്നു. ഈ സമയം ഘോരമായ ശവപറമ്പാണ് എന്ന് പറയാം. സർവ്വരുടേയും ബുദ്ധിയിൽ ഇതുണ്ട്. മഹായുദ്ധത്തിൽ പൂർണ്ണമായും ശ്മശാനമാകും. മറ്റ് യുദ്ധങ്ങളിൽ ഇങ്ങനെ സംഭവിക്കുന്നില്ല. ജ്ഞാനസാഗരന്റെ സർവ്വ കുട്ടികളും മരിച്ച് പോകുന്നതായിട്ട് ഭാഗവതത്തിൽ എഴുതിയിട്ടുണ്ട്. മായ കാമചിതയിലിരുത്തി സർവ്വരേയും ഭസ്മമാക്കിയിരിക്കുന്നു. മുഴുവൻ ശവപറമ്പായിരിക്കുന്നു. ശവപറമ്പായി മാറും എന്ന് മുസ്ലീങ്ങളുടെ ഖുറാനിലും പറയുന്നുണ്ട്. വിനാശത്തിന്റെ സമയമാകുമ്പോൾ അവരെ ഉണർത്തുവാനായി അല്ലാഹു വരും എന്നും പറയുന്നു. ശവപറമ്പിനെ പിന്നെ സ്വർഗ്ഗമാക്കുന്നു. ബാബ പറഞ്ഞ് തന്നിട്ടുണ്ട് അതായത് ബിർളാ ക്ഷേത്രത്തിലും, ഡൽഹിയെ സ്വർഗ്ഗമാക്കിയിരുന്നു എന്ന് എഴുതി വച്ചിരിക്കുന്നു. അപ്പോൾ തീർച്ചയായും ശവപറമ്പിനെ സ്വർഗ്ഗമാക്കിയിട്ടുണ്ടാകും. പ്രളയമൊന്നും ഉണ്ടാകുന്നില്ല, എന്നാൽ ധാരാളം പേർ മരിക്കും. സത്യയുഗത്തിൽ വളരെ കുറച്ച് മനുഷ്യരേ ഉണ്ടായിരിക്കുകയുള്ളൂ. ഒരേയൊരു ആദി സനാതന ദേവീ ദേവതാ ധർമ്മമായിരിക്കും ഉണ്ടാവുക. ഇങ്ങനെയൊരു ഗീതം പാടുവാനായിട്ടുള്ള സാഹചര്യം ഒരിക്കലും അവിടെ ഉണ്ടാവുകയില്ല. സ്വർഗ്ഗത്തിൽ ആരും ആർക്കും ദുഃഖം കൊടുക്കുന്നില്ല. ഇവിടെ എത്രമാത്രം ദുഃഖമാണ് കൊടുക്കുന്നത്. പരസ്പരം കൊലപാതകം ചെയ്യുന്നു. ബാബയുടെ അടുക്കൽ വാർത്തകൾ വരുന്നുണ്ട്. മററൊരാളിന്റെ ഭാര്യയോട് അടുപ്പം തോന്നിയാൽ സ്വന്തം ഭാര്യയെ കൊന്ന് കളയുന്നു. വിഷം കൊടുക്കുന്നു. ഇത് പതീത ലോകം തന്നെയാണ് അതുകൊണ്ടാണ് പതീത പാവനാ വരൂ എന്ന് പാടുന്നത്. എന്നാൽ സ്വയം പതീതമാണ് എന്ന് മനസ്സിലാക്കുന്നില്ല. നിങ്ങൾ പതീതമാണ് എന്ന് ആരോടെങ്കിലും പറഞ്ഞാൽ അവർ ദേഷ്യപ്പെടും. നമ്മളും പതീതമായിരുന്നു എന്ന് നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. ബാബ പാവനമാക്കികൊണ്ടിരിക്കുന്നു. പതീത ലോകത്തെ പാവനമാക്കുന്നവൻ ശിവബാബയാണ് എന്ന് ലോകത്തിനോട് പറയണം. ആ ശിവബാബയുടെ ജയന്തിയാണ് നിങ്ങൾ ആഘോഷിക്കുന്നതും, ആ പരമാത്മാവ് ഇപ്പോൾ വന്നിരിക്കുകയാണ്. ആരെങ്കിലും പുതിയ കണ്ടുപിടിത്തം നടത്തിയാൽ അത് രാജാവിനോട് പറയണം എന്ന നിയമമുണ്ടായിരുന്നു. രാജാവ് അത് കൈയിലെടുക്കു

മായിരുന്നു. ഇപ്പോൾ രാജാവൊന്നും ഇല്ല. ഈ കണ്ട് പിടിത്തം സർവ്വരോടും പറയണം. പരസ്പരം ഒരുമിച്ച് പ്രമേയം പാസ്സാക്കി ആയിരങ്ങളുടെ കൈയ്യൊപ്പ് വാങ്ങി ഗവൺമെന്റിന് അറിയിപ്പ് നല്കണം. കണ്ടുപിടിത്തം പരസ്യമാക്കുന്നതിന് വേണ്ടി ഉന്നതാധികാരിയോട് പറയാറുണ്ട്. പിന്നെ അത് പ്രസിദ്ധമാക്കും. നിങ്ങളും അതുപോലെ ചെയ്യണം. ആരുടെ ജന്മദിനമാണോ വരുന്നത് അവരെ കുറിച്ച് മനസ്സിലാക്കി കൊടുക്കൂ. ഏത് ദിവസം ആരുടെ ഉത്സവമാണോ നടക്കുന്നത് ആ ദിവസം അതിനെ കുറിച്ച് പറഞ്ഞ് കൊടുക്കുകയാണെങ്കിൽ സർവ്വരും മനസ്സിലാക്കും. സത്യമായ കാര്യമാണെന്ന് മനസ്സിലാക്കും. ഇന്നേക്ക് 5000 വർഷങ്ങൾക്ക് മുൻപ് ബാബ വന്നിരുന്നു. ഭാരതം ഉയർന്നതിലും ഉയർന്നതായിരുന്നു, സ്വർണ്ണ പക്ഷിയായിരുന്നു, അത് ഇപ്പോൾ കക്കക്ക് സമാനമായിരിക്കുന്നു. അതിനെ വീണ്ടും പരംപിതാ പരമാത്മാവ് വജ്ര സമാനമാക്കുന്നു. ബ്രഹ്മാവിലൂടെ ഈ ജ്ഞാനം തന്നു കൊണ്ടിരിക്കുന്നു.

നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കും - വാസ്തവത്തിൽ ഓരോ മനുഷ്യരും ബ്രഹ്മാകുമാർ കുമാരിമാരാണ്. വിളിപ്പേര് ഇതാണ്. ബ്രഹ്മാവിലൂടെ തന്നെയാണ് ബ്രാഹ്മണ ധർമ്മത്തിന്റെ രചന നടക്കുന്നത്. പിന്നെ ദേവത, ക്ഷത്രിയ, വൈശ്യ, ശൂദ്രർ ഈ മുഴുവൻ വംശാവലിയും ഉണ്ടാകുന്നു. അപ്പോൾ നിങ്ങൾക്ക് ഈ ഉത്സവങ്ങൾ വെച്ച് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാം. ദീപാവലി വരികയാണ്. ഇത് നിങ്ങൾക്കറിയാം ഓരോ വീടു തോറും ഘോരമായ അന്ധകാരമാണ്. ജ്ഞാന സൂര്യൻ ഉദിച്ചാൽ അജ്ഞാന അന്ധകാരം അകലുന്നു. തീർത്തും ഘോരമായ അന്ധകാരമാണ്. ഒരു ആത്മാവിനും തന്റെ അച്ഛനെ അറിയില്ല. ബാബയെ മനസ്സിലാക്കുന്നതിലൂടെ തന്നെ സർവ്വരുടേയും ജ്യോതി തെളിയുന്നു. ബാബയെ ദീപം എന്നും പറയുന്നു. ഇങ്ങനെയുള്ള മുഖ്യമായ സമയത്ത് നിങ്ങൾക്ക് ജ്ഞാനം പറഞ്ഞു കൊടുക്കുവാൻ സാധിക്കും. നിങ്ങൾക്ക് ഗവൺമെന്റിനെയും മനസ്സിലാക്കി കൊടുക്കണം. നിങ്ങൾക്ക് വിശേഷിച്ച് ഇപ്പോൾ മുന്നേറണം. മാതാക്കളെ മുന്നിൽ വെക്കണം. ഇതിൽ പുരുഷന്മാർ ലജ്ജിക്കേണ്ട ആവശ്യം ഇല്ല. നിങ്ങൾ എങ്ങനെയാണ് ഉണരേണ്ടത് എന്ന് ബാബ മനസ്സിലാക്കി തരുന്നു. പരസ്പരം ചേർന്ന് ഒപ്പ് ശേഖരിച്ച് പിന്നെ മനസ്സിലാക്കി കൊടുക്കണം. നിങ്ങൾ വാസ്തവത്തിൽ ഓരോരുത്തരും ശിവബാബയുടെ കുട്ടികളാണ്. സർവ്വരും ശിവനല്ല. ബാബ ഒന്നേയുള്ളു. ബാബയാണ് പതീതരെ പാവനമാക്കി മാറ്റുന്ന രചയിതാവ്. ഒരു മെമ്മോറാണ്ടം തയ്യാറാക്കണം. മുഖ്യമായും വലിയവർക്ക് മനസ്സിലാക്കി കൊടുക്കണം. നിങ്ങൾ മനുഷ്യരെ ഉണർത്തണം. മനസ്സിലാക്കുന്നു ഗംഗയിൽ കുളിച്ചാൽ പാവനമാകും എന്ന്. പക്ഷേ ഗംഗ പതീത പാവനി അല്ല. പതീത പാവനൻ ഒരേ ഒരു ബാബയാണ്. ജ്ഞാനത്തിന്റെ മഴ പെയ്യിക്കുന്ന ജ്ഞാനസാഗരനാണ് ബാബ. ബാക്കിയെല്ലാം അന്ധവിശ്വാസമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അതോറിറ്റി കിട്ടിയിരിക്കുന്നു. ശാസ്ത്രങ്ങളിൽ എഴുതി വച്ചിട്ടുണ്ട് കുമാരിമാരിലൂടെ ജ്ഞാന ബാണം എയ്തതായി. നല്ല നല്ല കുട്ടികൾക്ക് കാര്യം ചെയ്യുവാൻ സാധിക്കും. ഭാഷണം ചെയ്യുവാൻ സാധിക്കും. സേനയിൽ നമ്പർവാറായിരിക്കും. സംസാരിക്കുന്നതിലും മര്യാദ വേണം. തന്റെ മുതിർന്ന വരെ സദാ താങ്കൾ താങ്കൾ എന്നു വിളിക്കണം. എന്നാൽ വിദ്യാഭ്യാസമില്ലാത്തവർ താങ്കൾ എന്ന് വിളിക്കുന്നതിന് പകരം നീ എന്ന് വിളിക്കുന്നു. പഠിപ്പിലൂടെയും ബുദ്ധിയിൽ മാനേഴ്സ് വരുന്നു. പഠിപ്പിച്ച് ഉയർന്ന നിലയിൽ എത്തിക്കുന്ന നല്ല ടീച്ചർമാരും ഉണ്ട്. രജിസ്റ്ററിൽ സ്വഭാവത്തെക്കുറിച്ചും രേഖപ്പെടുത്തുന്നു . ഇന്നത്തെക്കാലത്ത് നല്ല സ്വഭാവമുള്ളവർ കുറവാണ്. ലോകം വളരെ മോശമാണ്. ഗീതത്തിലും കേട്ടു എന്താണ് അവസ്ഥ എന്ന്. നിങ്ങൾ കുട്ടികൾക്കറിയാം ഒരു രാജ്യവും ഭാരതത്തെപ്പോ ലെയായിരുന്നില്ല എന്ന്. ഭാരതം സ്വർഗ്ഗമായിരുന്നു. സന്ന്യാസിമാർ പറയും ഇതു നിങ്ങളുടെ കല്പനയാണെന്ന്. അവർക്ക് സ്വർഗ്ഗത്തിനെക്കുറിച്ച് എന്തറിയാം. ആരെങ്കിലും വരും, കണ്ട് സന്തോഷിക്കും. ഈ ചിത്രം വളരെ നല്ലതാണ്. പാണ്ഡവരുടെ വലിയ വലിയ പ്രതിമകൾ ഉണ്ടാകാറുണ്ട്. അവർ ഇത്രയും വലുതല്ല. രാവണന്റെ 100 അടി ഉയരമുള്ള കോലം ഉണ്ടാക്കുന്നു. ദിനപ്രതിദിനം വലുതാക്കി കൊണ്ടിരിക്കുന്നു. രാവണന്റെ വയസ്സും കൂടി. 2500 വർഷമായി. നിങ്ങൾക്ക് ദസറ ദിവസത്തെക്കുറിച്ച് നന്നായി മനസ്സിലാക്കി കൊടുക്കുവാൻ കഴിയും. രാവണന്റെ രാജധാനിയെ ആസുരീയ ലോകം എന്ന് പറയുന്നു. പത്രത്തിലും കൊടുത്തിരുന്നു ഇത് രാക്ഷസ ലോകമാണെന്ന്. അഥവാ ആരെങ്കിലും ചോദിക്കുന്നു,നിങ്ങൾ എന്തു കൊണ്ട് ആസുരീയ ലോകം എന്ന് പറയുന്നു, എങ്കിൽ അവരോട് പറയൂ ഇന്ന പത്രത്തിലും രാവണ രാജ്യം എന്ന് പറഞ്ഞിട്ടുണ്ട്. ബാബ വരുമ്പോഴും പറഞ്ഞിരുന്നു ഇത് ആസുരീയ ലോകമാണെന്ന്. ദൈവീക രാജ്യം സത്യയുഗത്തിലാണ്. ഇങ്ങനെ ഇങ്ങനെ ചേർന്ന് അഭിപ്രായം സ്വരൂ പിക്കണം.

ലക്ഷ്യം വ്യക്തമാണ്. പുറത്തു ബോർഡിലും ലക്ഷ്യം കാണിച്ചിട്ടുണ്ട്. ഏതൊരു സ്കൂളിലും അന്ധവിശ്വാസത്തിന്റെ കാര്യമേയില്ല. സത്സംഗങ്ങളിലെല്ലാം വേദങ്ങളൊക്കെ അന്ധവിശ്വാസത്തോടെ കേൾക്കുന്നു. അർത്ഥം ഒന്നും തന്നെ ഇല്ല. ഇപ്പോൾ ബാബ പറയുന്നു അല്ലയോ ഭാരതവാസികളേ നിങ്ങൾ വേദ ഉപനിഷത്ത് എപ്പോൾ മുതലാണ് പഠിച്ചത്. സത്യയുഗം മുതൽ എന്ന് പറയില്ല. അവിടെ

ഭക്തീമാർഗ്ഗത്തിന്റെ അംശം ഇല്ല. ഇതിനെയാണ് ഭക്തീമാർഗ്ഗം എന്ന് പറയുന്നത്. പകുതി കല്പം ബ്രഹ്മാവിന്റെ രാത്രി ഭക്തീമാർഗ്ഗം ആരംഭിക്കുന്നു. ഭഗവാൻ തീർച്ചയായും വരുന്നുണ്ട് അതുകൊണ്ടാണ് ശിവജയന്തി ആഘോഷിക്കുന്നത്. നിങ്ങൾക്കറിയാം ബാബ ബ്രഹ്മാവിന്റെ ശരീരം ആധാരമായി എടുക്കുന്നു. ബാബക്ക് ഭാരതത്തിൽ തന്നെ വരണം. ബാബയുടെ ജന്മവും ഭാരതത്തിൽ തന്നെയാണ്. ബ്രഹ്മാവിന്റെ ജന്മവും ഭാരതത്തിലാണ്. ബാബ വിരാടരൂപത്തെക്കുറിച്ചും പറഞ്ഞു മനസ്സിലാക്കി തന്നു. ഈ ബ്രാഹ്മണ ധർമ്മമാണ് ഏറ്റവും ഉയർന്നത്. ഇപ്പോൾ പ്രാക്റ്റിക്കലിൽ നിങ്ങളാണല്ലോ? നിരാകാരനായ ശിവബാബ നമ്മൾ ബ്രാഹ്മണർക്ക് മുകളിലാണ്, പിന്നെ ബ്രഹ്മാവിന്റെ ശരീരത്തെ കാണിക്കേണ്ടി വരുന്നു. ഇത് സരസ്വതി, ഇത് ബ്രാഹ്മണകുലം, ദേവതാകുലം.. ഇത്ര ഇത്ര ജന്മങ്ങൾ എടുക്കുന്നു. തികച്ചും വ്യക്തവും കൃത്യവുമായി കാണിച്ചു കൊടുക്കാവാൻ കഴിയും. ബ്രഹ്മാവിന്റെ രാത്രി സരസ്വതിയുടെ രാത്രി, ബ്രഹ്മാവംശികളുടെയും രാത്രി. പകൽ എല്ലാവരും ബ്രാഹ്മണരും പിന്നെ ദേവതകളുമാകുന്നു. ഈ പോയിന്റ്സ് കുട്ടികൾ ധാരണ ചെയ്യണം. ഒരു ചെവിയിൽ കേട്ട് മറു ചെവിയിലൂടെ കളയരുത്. സത്സംഗങ്ങളിൽ കഥകൾ കേട്ടു പോകുന്നതുപോലെയാകരുത്, ഇവിടെ നിങ്ങൾക്ക് പ്രത്യക്ഷ ഫലം കിട്ടുന്നു. ഈ പഠിത്തത്തിലൂടെ മനുഷ്യനിൽ നിന്നും ദേവതയാകും എന്നറിയാം. അവിടെ ലക്ഷ്യമില്ല.

ബാബ വളരെയധികം മനസ്സിലാക്കി തരുന്നുണ്ട് പക്ഷേ വളരെ കുറച്ച് പേർ മാത്രമാണ് വരുന്നത്. ചില ചില ചാരന്മാരും ഉണ്ടാകാറുണ്ട്. ഇത് യുദ്ധ മൈതാനമാണ് എന്ന് മനസ്സിലാക്കി കൊടുക്കണം. മായ വളരെ ശക്തിശാലിയാണ്. ചിലർ തോറ്റ് പോകുന്നു. ഇതും ഡ്രാമയുടെ കളിയാണ്. എല്ലാവർക്കും വിജയിക്കുവാൻ സാധിക്കില്ല. നമ്മൾ മായാ രാവണനോട് തോറ്റു പോയി എന്ന് കുട്ടികൾക്കറിയാം. ഇത് ജയത്തിന്റെയും പരാജയത്തിന്റെയും കളിയാണ്. മായയോട് തോററാൽ തോറ്റു. നിങ്ങൾക്കറിയാം നമ്മൾ ബാബയിലൂടെ വിശ്വത്തിന്റെ അധികാരിയാവുകയാണ്. ഈ ലഹരി സ്ഥായിയായി ഉണ്ടാകണം. എന്തുകൊണ്ടാണ് ലഹരി ഇല്ലാതാകുന്നത്? വിശ്വത്തിന്റെ രചയിതാവായ ബാബയിൽ നിന്നും പഠിച്ച് കൊണ്ടിരിക്കുന്നു! നരനിൽ നിന്നും നാരായണനും നാരിയിൽ നിന്നും ലക്ഷ്മിയും ആയികൊണ്ടിരിക്കുന്നു! വിദ്യാർത്ഥി പഠിത്തവും പഠിപ്പിക്കുന്ന ആളിനേയും മറന്ന് പോവുക എന്നത് സാധ്യമല്ല. പിന്നെ എന്തുകൊണ്ടാണ് ഇവിടെ മറന്ന് പോകുന്നത്? വീട്ടിൽ പോയി കഴിഞ്ഞാൽ എല്ലാം മറന്ന് പോകുന്നു. ഇവിടെ വളരെ നിശ്ചയബുദ്ധിയായിരിക്കുന്നു. എത്രമാത്രം കണ്ണുനീർ ഒഴുക്കാറുണ്ട്, ഇവിടെ നിന്നും വീട്ടിൽ പോയാൽ പിന്നെ കത്ത് പോലും എഴുതില്ല. വഴികാട്ടികളായി വരുന്ന വിശേഷപ്പെട്ട കുട്ടികളും മറന്ന് പോകുന്നു. ഏറ്റവും കുറഞ്ഞത് സേവനത്തിന്റെ കാര്യങ്ങൾ എങ്കിലും എഴുതണം– ബാബാ ഞങ്ങൾ താങ്കളുടെ സേവനത്തിന് തത്പരരായിരിക്കുകയാണ്. ഇല്ലായെങ്കിൽ മായ അവരെ കൊന്ന് കളഞ്ഞു എന്ന് ബാബ മനസ്സിലാക്കും. വിശ്വത്തിന്റെ അധികാരിയാക്കുന്നവനായ ബാബയെ നിരന്തരം ഓർമ്മിക്കണം എന്ന് ബുദ്ധിയും പറയുന്നുണ്ട്. എന്നാൽ കുട്ടികൾ മാസങ്ങളോളം ഓർമ്മിക്കുന്നുമില്ല, കത്തും എഴുതുന്നില്ല. മായ ചിലരെ കൊന്ന് കളയുന്നു. ജീവിച്ചിരിക്കുമ്പോൾ പോലും കത്ത് എഴുതുന്നില്ല, മരിച്ചതിന് ശേഷം കാര്യമേയില്ല. അവർ എപ്പോഴാണോ സ്വയം കത്ത് എഴുതുന്നത് അപ്പോൾ മാത്രമേ ബാബയും കത്ത് എഴുതുകയുള്ളൂ. ആരാണോ ബാബയെ ഓർമ്മിക്കുന്നത് അവരാണ് കർമ്മാതീതവും സദാ ആരോഗ്യവാന്മാരുമാകുന്നത്. ബാബയുടെ സമ്പത്ത് തീർച്ചയായും ഓർമ്മയുണ്ടായിരിക്കണം. സ്ഥായിയായ ലഹരിയും ഉണ്ടായിരിക്കണം. ഈ സമയം നിങ്ങൾ കുട്ടികളുടെ മുഖം ഓർമ്മയിലൂടെ സുന്ദരമാകുന്നു. വിശ്വത്തിന്റെ അധികാരമാകുന്ന വെണ്ണ നമുക്കാണ് ലഭിക്കുന്നത് എന്ന് അറിയുന്നുണ്ട്. കൃഷ്ണന്റെ വായിൽ വെണ്ണ കാണിക്കുന്നുണ്ട് അർത്ഥം വിശ്വത്തിന്റെ അധികാരം. അധികാരത്തിലും പദവികളുണ്ടല്ലോ. ആര് എത്ര ചെയ്യുന്നുവോ അവർ നേടും. ബാബ നമ്മളെ പഠിപ്പിക്കുകയാണ് എന്ന് നിങ്ങൾക്കറിയാം. പരംപിതാ പരമാത്മാവ് എന്ന് പറയുന്നുണ്ടല്ലോ. അപ്പോൾ തീർച്ചയായും അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. അമ്മയും അച്ഛനും വേണം അപ്പോഴാണ് കുട്ടി ജനിക്കുന്നത്, അപ്പോൾ സമ്പത്ത് ലഭിക്കും. അങ്ങ് തന്നെയാണ് അമ്മയും അച്ഛനും ഞങ്ങൾ അങ്ങയുടെ കുട്ടികളാണ് എന്ന് പാടുന്നുണ്ട്. അങ്ങയുടെ സഹജ രാജയോഗം പഠിക്കുന്നതിലൂടെ ഞങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നു. മൂന്ന് സേനകൾ തയ്യാറായി നിൽക്കുന്നുണ്ട് എന്നത് മനസ്സിലാക്കി കൊടുക്കണം. വിനാശ സമയത്ത് വിപരീത ബുദ്ധിയായിട്ടുള്ളവർ – അങ്ങനെയാണ് നാശം സംഭവിച്ചത്. പിന്നെ ആർക്കാണോ ഭഗവാനോട് പ്രീതിയുണ്ടായിരുന്നത് അവർ സ്വർഗ്ഗത്തിന്റെ അധികാരികളായി മാറി. നമ്മുടെ കർത്തവ്യമാണ് ഗവൺമെന്റിന് മുന്നറിയിപ്പ് കൊടുക്കുക എന്നത്. നിങ്ങൾ കണ്ടുമുട്ടുന്ന വലിയ വലിയ ഓഫീസർമാരിൽ നിന്നും കൈയൊപ്പ് വാങ്ങാൻ സാധിച്ചാൽ സന്തോഷമാകും, ഇവർ വളരെ നല്ല കാര്യമാണ് ചെയ്യുന്നത്. അതിനാൽ പരിശ്രമിക്കൂ. നടത്തികൊണ്ട് പോകുന്നതിന് സമയവും ആവശ്യമാണ്. സേവനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ധാരാളം യുക്തികളുണ്ട്. എന്നാൽ കുട്ടികളിൽ ചിലപ്പോഴൊക്കെ അഹങ്കാരം ഉണ്ടാകുന്നു അല്ലെങ്കിൽ ആകർഷണം തോന്നുന്നതിലൂടെ വളരെയധികം നഷ്ടം ഉണ്ടാകുന്നു.

ജ്ഞാനത്തിന്റെ ലഹരിയിൽ മുഖം സദാ ഹർഷിതമാക്കി വെക്കണം.ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം -

1. ലക്ഷ്യത്തെ മുന്നിൽ വെച്ച് പുരുഷാർത്ഥം ചെയ്യണം. ദൈവീക സ്വഭാവം ധാരണ ചെയ്യണം. ഒരു കാതിലൂടെ കേട്ട് മറു കാതിലൂടെ കളയരുത്.

2. വിശ്വ രചയിതാവായ ബാബ നമ്മളെ പഠിപ്പിച്ച് കൊണ്ടിരിക്കുകയാണ്, ബാബയുടെ വിദ്യാർത്ഥികളാണ് നമ്മൾ- ഈ ലഹരിയിലിരിക്കണം. സേവനത്തിന്റെ പല പല യുക്തികൾ കണ്ടെത്തി അതിൽ ബിസിയായിരിക്കണം.

## വരദാനം:-ബാബ നൽകിയ വരദാനങ്ങളെ മനനം ചെയ്ത് സ്വന്തമാക്കുന്ന സദാ ഹർഷിതരും സദാ നിശ്ചിന്തരുമായി ഭവിക്കട്ടെ.

താങ്കൾ കുട്ടികളുടെ മനനം അഥവാ സ്മരിക്കുന്നതിന്റെ ചിത്രം ഭക്തിമാർഗ്ഗത്തിൽ വിഷ്ണുവിനെയാണ് കാണിച്ചിട്ടുള്ളത്. സർപ്പത്തെ ശയ്യയാക്കി അർത്ഥം വികാരം അധീനപ്പെട്ടു. മായയോട് തോൽക്കുന്നതിന്റെയോ യുദ്ധം ചെയ്യുന്നതിന്റെയോ യാതൊരു ചിന്തയുമില്ല, സദാ മായാജീത്ത് അർത്ഥം നിശ്ചിന്തം. ദിവസവും ജ്ഞാനത്തിന്റെ പുതിയ-പുതിയ പോയന്റുകൾ സ്മൃതിയിൽ വെച്ച് മനനം ചെയ്യൂ എങ്കിൽ വലിയ ആനന്ദം ലഭിക്കും, സദാ ഹർഷിതരായിരിക്കും എന്തുകൊണ്ടെന്നാൽ ബാബ നൽകിയ ഖജനാവ് മനനം ചെയ്യുന്നതിലൂടെ തന്നിൽ അനുഭവം ചെയ്യും.

## സ്ലോഗൻ:- പരിവർത്തനം ചെയ്യിപ്പിക്കുകയല്ല പരിവർത്തനം ചെയ്ത് കാണിക്കുകയാണ് വേണ്ടത് എന്ന ശുഭഭാവന ആരിലാണോ വരുന്നത് അവരാണ് സ്വപരിവർത്തകർ.